67
9/1/19

# കേരള സർക്കാർ

## സംഗ്രഹം

പത്തനാപുരം തടി ഡിപ്പോയിൽ 09.07.2018 -ൽ നടന്ന ഇ-ലേലത്തിൽ മൈനാഗപ്പള്ളി മണ്ണൂർകാവ് ഭഗവതി ക്ഷേത്രം ലേലം കൊണ്ട 4 ലോട്ടിൽ ക്ഷേത്രത്തിന് ആവശ്യമില്ലാത്ത 2 ലോട്ടുകൾ ഒഴിവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.476/2018/വനം തീയതി, തിരുവനന്തപുരം, 07/11/2018

---

പരാമർശം :- 1. മണ്ണൂർകാവ് ഭഗവതി ക്ഷേത്രം, പ്രസിഡന്റ് 10/08/2018 – ൽ ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം.

2.. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ 24.10.2018 -ലെ പ്രൊ (4)-45146/18 നമ്പർ കത്ത്.

### ഉത്തരവ്

പത്തനാപുരം തടി ഡിപ്പോയിൽ 09.07.2018 ൽ നടന്ന ഇ-ലേലത്തിൽ മണ്ണൂർകാവ് ഭഗവതി ക്ഷേത്രം ലേലം കൊണ്ട 4 ലോട്ടുകളിൽ ക്ഷേത്രത്തിന് ആവശ്യമില്ല എന്നറിയിച്ച 2 ലോട്ടുകൾ ഒഴിവാക്കുന്നതിന് മണ്ണൂർകാവ് ഭഗവതി ക്ഷേത്രം പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. മണ്ണൂർകാവ് ഭഗവതി ക്ഷേത്രം ലേലം കൊണ്ട ലോട്ടുകളിൽ ക്ഷേത്രത്തിന് ആവശ്യമുള്ള ലോട്ടുകളായ ലോട്ട് നമ്പർ 64/18, 66/18 എന്നിവ ക്ഷേത്രത്തിന് നൽകാവുന്നതും ടി ക്ഷേത്രത്തിന് ആവശ്യമില്ലാത്ത ലോട്ട് നമ്പർ 73/18, 105/18 എന്നിവ ടി ക്ഷേത്രത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്താവുന്നതുമാണെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2. ക്ഷേത്രത്തിന്റെ അപേക്ഷയിൽ പറയും പ്രകാരം ക്ഷേത്ര നിർമ്മാണം നടത്തുന്നതിന് കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്തും, ക്ഷേത്ര ഭാരവാഹികൾ

സ്ഥിരമായി ലേലത്തിൽ പങ്കെടുക്കുന്നവരല്ല എന്നതിനാലും, ലേല നടപടികളെ കുറിച്ച് പരിചയക്കുറവുള്ളതുകൊണ്ട് അബദ്ധം പറ്റിയതാണെന്നത് കണക്കിലെടുത്തും, ക്ഷേത്രം ആവശ്യപ്പെട്ടിരിക്കുന്ന ലോട്ട് നമ്പർ 64/18, 66/18 എന്നിവയ്ക്ക് ഇ-ലേല വ്യവസ്ഥ 14 a (i), b, c, d എന്നിവയിൽ ഇളവ് നൽകി തടി വിലയും നികുതികളും മാത്രം ഈടാക്കി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ തടി നീക്കം ചെയ്യുന്നതിന് ക്ഷേത്രഭാരവാഹികളെ അനുവദിക്കാവുന്നതാണെന്നും ക്ഷേത്രഭാരവാഹികൾ അടച്ച നിരതദ്രവ്യം സർക്കാരിൽ പിടിച്ച് വയ്ക്കാവുന്നതും, തുടർ ലേലത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ടി നിരതദ്രവ്യത്തിൽ അഡ്ജസ്റ്റ് ചെയ്ത് ബാലൻസ് തുക ലഭ്യമെങ്കിൽ പ്രസ്തുത ക്ഷേത്രത്തിന് തിരികെ നൽകാവുന്നതുമാണെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) - ന്റെ ശുപാർശ പ്രകാരം ക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്തും, ക്ഷേത്ര ഭാരവാഹികൾ സ്ഥിരമായി ലേലത്തിൽ പങ്കെടുക്കുന്നവരല്ല എന്നതിനാലും, ലേല നടപടികളെക്കുറിച്ച് പരിചയക്കുറവുള്ളതുകൊണ്ട് അബദ്ധം പറ്റിയതാണെന്നത് കണക്കിലെടുത്തും, മണ്ണൂർകാവ് ഭഗവതി ക്ഷേത്രം ലേലം കൊണ്ട ലോട്ടുകളിൽ ഒഴിവാക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള ലോട്ട് നമ്പർ 73/18, 105/18 എന്നിവ ഇ-ലേല വ്യവസ്ഥപ്രകാരം ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർന്നുള്ള ലേലത്തിൽ ഉൾപ്പെടുത്തുന്നതിനും, ലേലത്തിൽ പങ്കെടുക്കുന്നതിനായി അടച്ച നിരതദ്രവ്യം സർക്കാരിൽ പിടിച്ച് വയ്ക്കുന്നതിനും, തുടർ ലേലത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ടി നിരതദ്രവ്യത്തിൽ അഡ്ജസ്റ്റ് ചെയ്ത് ബാലൻസ് തുക ലഭ്യമെങ്കിൽ മണ്ണൂർകാവ് ഭഗവതി ക്ഷേത്രത്തിന് തിരികെ നൽകുന്നതിനും, ക്ഷേത്രം ആവശ്യപ്പെട്ടിരിക്കുന്ന രണ്ട് ലോട്ടുകളായ 64/18, 66/18 എന്നിവയ്ക്ക് ഇ-ലേല വ്യവസ്ഥ 14 a (i), b, c, d എന്നിവയിൽ ഇളവ് നൽകി തടി വിലയും നികുതികളും മാത്രം ഈടാക്കി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ തടി നീക്കം ചെയ്യുന്നതിന് ക്ഷേത്രഭാരവാഹികളെ അനുവദിക്കുന്നതിനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**അനിൽകുമാർ വി. എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
പ്രസിഡന്റ്, മണ്ണൂർകാവ് ഭഗവതി ക്ഷേത്രം, മൈനാഗപ്പള്ളി, കൊല്ലം - 690 515.
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ